LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ 1-1-2009 മുതൽ പായ്ക്കിംഗ് ചാർജ്ജ് 20 പൈസയിൽ നിന്നും 25 പൈസയായി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

പുതുതായി അനുവദിക്കുന്ന മാവേലി സ്റ്റോറുകൾ

103 (169) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി 50 മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത് എവിടെയെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) കൊടിയത്തൂർ പഞ്ചായത്തിലെ തോട്ടുമുക്കത്ത് മാവേലി സ്റ്റോർ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകളിൽ തോട്ടുമുക്കം ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ സപ്ലൈകോ സ്റ്റോറുകളോ സപ്ലൈകോയുടെ മറ്റ് റിൽപ്പനശാലകളോ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനാണ് ഇപ്പോൾ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

പമ്പയിലും സന്നിധാനത്തും പ്രവർത്തിക്കുന്ന ഹോട്ടലുകളിലെ ഭക്ഷ്യപദാർത്ഥങ്ങളുടെ ഗുണമേന്മ

104 (170) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല ദർശനത്തിന് എത്തുന്ന ഭക്തന്മാർക്ക് പമ്പയിലും സന്നിധാനത്തും പ്രവർത്തിക്കുന്ന ഹോട്ടലുകളിൽ നിന്ന് വിതരണം ചെയ്യുന്ന ഭക്ഷ്യപദാർത്ഥങ്ങൾ ഗുണമേന്മയുള്ളതാണെന്ന് പരിശോധിക്കാറുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പമ്പയിലും സന്നിധാനത്തും പ്രവർത്തിക്കുന്ന ഹോട്ടലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾക്ക് ഭാരിച്ച തുക ഈടാക്കുന്നത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) പമ്പയിലും സന്നിധാനത്തും പ്രവർത്തിക്കുന്ന ഹോട്ടലുകളിൽ വിലവിവര പട്ടിക വിവിധ ഭാഷകളിൽ പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?